സ്നേഹപൂർവ്വം പദ്ധതി

177 (2810) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പ് മുഖേന നടത്തിവരുന്ന സ്നേഹപൂർവ്വം പദ്ധതിയിൽ അംഗമാകുന്നതിനുള്ള അപേക്ഷകൾ ഓൺലൈൻ മുഖാന്തിരം ആക്കിയതിനുശേഷം ഇടുക്കി ജില്ലയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും എത്ര അപേക്ഷകൾ ലഭിക്കുകയുണ്ടായി ; ഇവയിൽ എത്രപേർക്ക് ധനസഹായം അനുവദിച്ചു എന്നത് സംബന്ധിച്ച വിവരങ്ങൾ ഓരോ വിദ്യാഭ്യാസ സ്ഥാപനവും തിരിച്ച് നൽകാമോ ;

(ബി) അർഹതപ്പെട്ടവർ ഏറെയുണ്ടെങ്കിലും അപേക്ഷകരുടെ എണ്ണം വളരെ കുറയാനിടയായ സാഹചര്യം പരിശോധിക്കുമോ ;

(സി) അർഹതപ്പെട്ട ഓരോ വിദ്യാർത്ഥിയേയും പദ്ധതിയിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും 1376 അപേക്ഷകൾ ലഭിച്ചു. എന്നാൽ ഇടുക്കിയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമായി 918 കുട്ടികളുടെ കമ്പ്യൂട്ടർ ജനറേറ്റഡ് ലിസ്റ്റുമാത്രമേ അതാത് സ്ഥാപന മേധാവികൾ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ളൂ. അവർക്ക് ധനസഹായം അനുവദിച്ചു ബാക്കിയുള്ളവർക്ക് കമ്പ്യൂട്ടർ ജനറേറ്റഡ് ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്. ധനസഹായം അനുവദിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ വിദ്യാഭ്യാസ സ്ഥാപനം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

(ബി) എണ്ണം കുറഞ്ഞിട്ടില്ല.

(സി) പത്ര-ദൃശ്യ-മാധ്യമങ്ങളിലൂടെ ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തെ കുറിച്ച് വാർത്തകൾ നൽകിയിരുന്നു. സ്നേഹപൂർവ്വം പദ്ധതി അപേക്ഷകൾ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂവെന്ന് തീരുമാനിച്ച സർക്കാർ ഉത്തരവ് വിദ്യാഭ്യാസ മേഖലയിലെ എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും അയച്ചുകൊടുക്കുകയും പ്രസ്തുത ഉത്തരവ് സംബന്ധിച്ച് ഉചിതമായ നിർദ്ദേശങ്ങളോടെ കീഴാഫീസുകളിലേയ്ക്കും അവരുടെ കീഴിലുള്ള ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും നൽകുവാൻ നിർദ്ദേശം നൽകിയിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly